**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - അമൃതം ന്യൂട്രീമിക്സിന്റെ വില വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം. 159/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 19/01/2017**

---

പരാമർശം 1..20.05.2011 ലെ സ.ഉ. (സാധാ) നം1252/2011/തസ്വഭവ ഉത്തരവ്
2.കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 30.12.2016 ലെ 7406-D-2015/KSHO നമ്പർ കത്ത്

**ഉത്തരവ്**

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പരാമർശം (2) കത്തിലെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി അമൃതം ന്യൂട്രീമിക്സിന്റെ വില കിലോഗ്രാമിന് നിലവിലെ വിലയായ 56 രൂപയിൽ നിന്നും 70 രൂപയായി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ന്യൂട്രീമിക്സ് യൂണിറ്റുകൾ ഉപയോക്താക്കൾക്ക് ഓരോ ചില്ല കുപ്പി നൽകേണ്ടതും, അത് ന്യൂട്രീമിക്സ് അടച്ച് സൂക്ഷിക്കാനാണെന്ന് അമ്മമാരെ ബോധവൽക്കരിക്കേണ്ടതുമാണ്.
2. ഉൽപ്പാദനചെലവ് കുറയ്ക്കുന്നതിനായി അസംസ്കൃത വസ്തുക്കളും പായ്ക്കിംഗ് കവറുകളും ജില്ലാതലത്തിൽ മൊത്തമായി സംഭരിക്കേണ്ടതാണ്.
3. ന്യൂട്രീമിക്സ് യൂണിറ്റുകളെ ഫുഡ് സേഫ്റ്റി ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**കെ.എസ്.ബിന്ദു**
**അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സാമൂഹ്യക്ഷേമ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് (എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മുഖാന്തിരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**